(ബി) ഈ സാമ്പത്തിക വർഷത്തിൽ ലഭിച്ച 13 അപേക്ഷകളിൽ 35,000 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം ലഭിച്ച 13 അപേക്ഷകളിൻമേൽ 35,000 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ആയതിൽ 31,205 രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്.

(ഡി) ആൾവാസവും കൃഷിയും ഉള്ള സ്ഥലങ്ങളിൽ കാട്ടാന ശല്യം തടയുവാൻ വനം വകുപ്പ് സൗരോർജ്ജ വൈദ്യുതി വേലികൾ സ്ഥാപിച്ചും ട്രഞ്ചുകൾ കുഴിച്ചും വനസംരക്ഷണ സമിതിയുടെ പങ്കാളിത്തത്തോടുകൂടി നടപടി സ്വീകരിച്ചുവരുന്നു.

കാട്ടാനശല്യം ഒഴിവാക്കാൻ സ്ഥിരം സംവിധാനം

132 [581] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ മലയോര പ്രദേശങ്ങളിൽ കാട്ടാനകൾ വ്യാപകമായി കൃഷിനാശം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലമുള്ള നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) കൃഷിനാശം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രദേശങ്ങളിലെ കാട്ടാനശല്യം ഒഴിവാക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ 30-1-2005 വരെ ലഭിച്ച അപേക്ഷകളിന്മേൽ 1,22,488 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 77,575 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഡി) വൈദ്യുത സൗരോർജ്ജ കമ്പിവേലികൾ നിർമ്മിക്കുവാൻ പരിപാടിയുണ്ട്. എന്നാൽ 22-1-2005-ൽ ബഹു. വനം വകുപ്പുമന്ത്രി നാദാപുരത്ത് വിളിച്ചുചേർത്ത യോഗത്തിൽ മതിലുകൾ കെട്ടുകയാണ് അഭികാമ്യമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർ ചർച്ചക്കായി 4-2-2005-ന് കുറ്റ്യാടിയിൽ വീണ്ടും യോഗം നടത്തുന്നുണ്ട്. അതിൽ ഉരിത്തിരിയുന്ന അഭിപ്രായം കണക്കിലെടുത്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly